"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മൂന്നാർ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നതിന് ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ സർവ്വേ നമ്പർ 912-ൽ ഉൾപ്പെട്ട 18 ആർ ഭൂമി തൊഴിൽ വകുപ്പിന് കൈമാറിയത്- ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**റവന്യൂ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.225/2024/RD തീയതി,തിരുവനന്തപുരം, 14-11-2024

---

പരാമർശം:-

1. സ.ഉ (കൈ) നമ്പർ.515/15/റവന്യൂ തീയതി 30/09/2015.
2. ഇടുക്കി ജില്ലാ കളക്ടറുടെ 23/09/2021, 20/10/2022 തീയതികളിലെ DCIDK/4013/2021-C9 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 01/06/2024 ലെ എൽ.ആർ/ 4344/2022 - എൽ.ആർ (കെ) 2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ സർവ്വേ നമ്പർ 912 ൽ ഉൾപ്പെട്ട 18 ആർ ഭൂമി മൂന്നാർ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം തൊഴിൽ വകുപ്പിന് കൈമാറിയിരുന്നു.

2) പരാമർശം (2), (3) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ അവസാന ഖണ്ഡികയിലെ രണ്ടാമത്തെ വരി "ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കെ.ഡി.എച്ച് വില്ലേജിൽ സർവ്വേ നമ്പർ 912 ൽ ഉൾപ്പെട്ട 18 ആർ ഭൂമി, മൂന്നാർ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ട് തൊഴിൽ വകുപ്പിന് കൈമാറുന്നു" എന്ന് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3) മേൽ ഭേദഗതിയോടെ പരാമർശം സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1) കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
2) സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
3) ജില്ലാ കളക്ടർ, ഇടുക്കി
4) പൊതുഭരണ (എസ്.സി) വകുപ്പ്
5) തൊഴിലും നൈപുണ്യവും വകുപ്പ്
6) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Devi P S
സെക്ഷൻ ഓഫീസർ
Date: 19-11-2024 15:41:54